# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.577 28.09.2016 ന് മറുപടിയ്ക്ക്.

## കാർഷിക വിളകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ്.എം.തോമസ്<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനാതിർത്തിയ്ക്ക് സമീപം താമസിക്കുന്ന കർഷകരുടെ വിളകൾകാട്ടുമൃഗങ്ങൾ നശിപ്പിച്ച് കർഷകരെ ദുരിതത്തിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വനാതിർത്തിയിലുള്ള കാർഷികവിളകൾ കാട്ടുമൃഗങ്ങൾ നശിപ്പിക്കുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം കർഷകരുടെ വിളകൾ കാട്ടുമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) കർഷകരുടെ വിളകൾ കാട്ടുമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടികൾ.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ |

വരുന്ന കാട്ടാനകളെ പിടിച്ച് മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.

9. പ്രശ്നക്കാരായ ആനകളെ പിടിച്ച് മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.

10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

12. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധീകരിക്കുവാനും ഉള്ള നടപടികൾ.

13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള നടപടികൾ.

14. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

കൂടാതെ വന്യജീവികളുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് എസ്.എം.എസ് അലർട്ട് സംവിധാനം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ വയനാട്, മൂന്നാർ എന്നീ പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) വനാതിർത്തിക്ക് അഞ്ചു കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരും മുൻപ് തോക്ക് ലൈസൻസ് ഉണ്ടായിരുന്നവരുമായ കർഷകർക്ക് ലൈസൻസ് പുതുക്കുന്നതിന് വനം വകുപ്പ് എൻ.ഒ. സി. നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) വനാതിർത്തിക്ക് അഞ്ചു കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരും മുൻപ് തോക്ക് ലൈസൻസ് ഉണ്ടായിരുന്നവരുമായ കർഷകർക്ക് ലൈസൻസ് പുതുക്കുന്നതിന് വനം വകുപ്പ് എൻ.ഒ.സി. നൽകുന്നതിന് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) എങ്കിൽ പ്രസ്തുത നിയന്ത്രണം നീക്കി ലൈസൻസ് ലഭിക്കുന്നതിന് വനം വകുപ്പിന്റെ സമ്മതപത്രം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഉത്തരം (സി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ